# മുഹമ്മദ് നബി എന്ന മനുഷ്യൻ

**നുരഞ്ഞുപൊന്തുന്ന** ആഹ്ലാദത്തിമർപ്പുകളിൽ നക്ഷത്രരശ്മികളുടെ പ്രകാശം, അവർ ചിരിച്ചാർക്കുകയാണ്. പ്രാചീന വാദ്യങ്ങളുടെ താളം ഹൃദയത്തിന്റെ സംഗീതമാവുന്നു. യസ്‌രിബിന് ഇനി പുളകങ്ങളുടെ ദിനരാത്രങ്ങൾ. പട്ടണത്തിന്റെ പകലറുതികൾക്ക് നിലാവിന്റെ തിളക്കം. നക്ഷത്രങ്ങൾക്കിടയിൽ പ്രകാശിക്കുന്ന ചന്ദ്രലേഖ പോലെ അല്ലാഹുവിന്റെ പ്രവാചകൻ യസ്‌രിബിലെ ആൾക്കൂട്ടപ്പെരുവഴികളിൽ ഉദിച്ചുയർന്നിരിക്കുന്നു. ജ്വലിക്കുന്ന പാതവിളക്കുപോലെ, ചിരിക്കുന്ന പ്രഭാത സൂര്യനെപ്പോലെ...

* * * * *

മന്നവേന്ദ്രാ തിളങ്ങുന്നു, ചന്ദ്രനെപ്പോലെ നിന്മുഖം എന്നത് ഉപമ മാത്രം. എന്നാൽ പ്രവാചകനായ മുഹമ്മദിന്റെ വദനം ചന്ദ്രനെ അനുസ്മരിപ്പിച്ചിരുന്നു എന്നാണ് അടുത്തറിഞ്ഞ അനുചരരുടെ വാക്ക്. ഇരുട്ട് നിറഞ്ഞ മരുഭൂമിയുടെ ഏകാന്തതയിൽ, ഭൂമിയിലേക്കിറ്റു വീഴുന്ന പൂനിലാവ് കളങ്കമറിയാത്ത അറബിമനസ്സുകളിൽ സാന്ത്വനത്തിന്റെ കുളിരു വീഴ്ത്തിയിരിക്കണം. നബിയുടെ മുഖവും അവർക്ക് നിലാവും കുളിരുമായിരുന്നു. അബൂഹാലയുടെ മകൻ ഹിന്ദ് പറയുന്നത് നബിയുടെ മുഖം ചന്ദ്രനെപ്പോലെ പ്രകാശിച്ചു എന്നാണ്. 'വീതിയേറിയ നെറ്റി, ഇടപിരിഞ്ഞ കനത്ത പുരികങ്ങൾ, കോപം വരുമ്പോൾ തേജസ്സാർന്ന ആ മുഖത്ത് നീലഞരമ്പുകൾ തുടിക്കുന്നു.' ഹിന്ദിന്റെ വിവരണത്തിന് അടിയൊപ്പ് വെക്കുകയാണ് നാലാമത്തെ ഖലീഫയായ ഹസ്രത്ത് അലി. നിലാവ് പരത്തുന്ന ആ മുഖത്തിന്റെ സൗമ്യതേജസ്സിൽ സ്വയം മറന്ന് അദ്ദേഹത്തിന്റെ കാലടിപ്പാടുകളെ പിന്തുടർന്ന ആളാണല്ലോ അലി. നബിയുടെ മുഖം തീർത്തും വട്ടത്തിലായിരുന്നില്ല. പക്ഷേ, ഏതാണ്ടൊരു വൃത്താകൃതി അതിനുണ്ടായിരുന്നു– അലി പറയുന്നു. ചന്ദ്രസദൃശമായ വൃത്താകൃതി നബിയുടെ മുഖത്തിനുണ്ടായിരുന്നുവെന്നാണ് പല സ്വഹാബിവര്യരും പറയുന്നത്.

* * * * *

ചുവപ്പുകലർന്ന വെളുപ്പ് നിറമായിരുന്നു പ്രവാചകന്റേത്. നീണ്ട കൺപീലികളോടുകൂടി അഗാധമായ കറുത്ത കണ്ണുകൾ. ഉയർന്ന മൂക്ക്, മൃദുവും മാംസളവുമായ ഒഴുക്കൻ കവിൾത്തടങ്ങൾ. വീതിയേറിയ വായ, തിളങ്ങുന്ന നേർത്ത പല്ലുകളിൽനിന്ന് സംസാരിക്കുമ്പോൾ പ്രകാശം പ്രസരിക്കുന്ന പോലെ, ഇടതൂർന്ന താടി വൃത്തിയാക്കിവെച്ചിരുന്നു. പലപ്പോഴും തോളറ്റം വരെ നീണ്ടുകിടക്കുന്ന തലമുടി അൽപാൽപം ചുരുണ്ടതായിരുന്നു, അത് നടുവിൽ വകഞ്ഞുവെച്ചിരുന്നു. വിശാലമായ മാറിടവും കടഞ്ഞെടുത്ത കൈകാലുകളും ഒത്ത ഉയരവും പ്രവാചകനെ ശ്രദ്ധേയനാക്കി. പട്ടിണിയും ദാരിദ്ര്യവും ഏറെ അനുഭവിച്ചിട്ടും അദ്ദേഹത്തിന്റെ ശരീരത്തിന്റെ ദാർഢ്യം നഷ്ടപ്പെട്ടിരുന്നില്ലെന്നാണ് അൽമുവാഹിബ് കൗതുകത്തോടെ ഓർക്കുന്നത്. വയർ ചാടിയിരുന്നില്ല. ശരീരത്തിൽ മാംസം തൂങ്ങിനിന്നിരുന്നില്ല. മനസ്സിന്റെ കരുത്ത് നിഴലിക്കുന്ന ശരീരം. ഒപ്പം അതേ മനസ്സിൽ ഉറവപൊട്ടുന്ന കാരുണ്യത്തിന്റെ ആർദ്രതയും ആ ശരീരത്തിനുണ്ടായിരുന്നു. പ്രവാചകന്റെ കൈത്തലങ്ങൾ പട്ടുവസ്ത്രത്തേക്കാളും മൃദുലമായിരുന്നു. അവസാനിക്കാത്ത വേദനകൾ വാരിയെടുക്കുകയും നിലക്കാത്ത കണ്ണീരു തുടക്കുകയും ചെയ്ത ആ കൈകൾക്ക് പൂവിതളിന്റെ മാർദവവും ഉരുക്കിന്റെ ദാർഢ്യവുമായിരുന്നു.

* * * * *

യുഗപുരുഷന്മാരുടെ ആകാര സവിശേഷതകൾ ശ്രദ്ധിച്ചിട്ടുണ്ടോ നിങ്ങൾ? നിങ്ങളുടെ സൗന്ദര്യസങ്കൽപങ്ങളിലെ മാനദണ്ഡങ്ങളുടെയും അഴകളവുകളുടെയും പരിധിയിൽ അവർ ഒതുങ്ങി നിൽക്കാറില്ല. പക്ഷേ അവർ അസാമാന്യമായ ആകാരപ്പൊരുത്തത്തോടെ ആൾക്കൂട്ടങ്ങളിൽനിന്ന് വേറിട്ടുനിൽക്കുന്നു. ഒറ്റ നോട്ടത്തിൽതന്നെ മഹത്വം വഴിയുന്ന രൂപമായിരുന്നു നബിയുടേതും. ജൂതപണ്ഡിതനായിരുന്നു സാലമിന്റെ മകൻ അബ്ദുല്ല. പ്രവാചകനെ ഒറ്റമാത്രയിൽ കണ്ട ഉടനെ അദ്ദേഹം സത്യത്തിന്റെ പുണ്യദൂതനെ തിരിച്ചറിഞ്ഞു. ആ മുഖത്ത് തുടിച്ചുനിൽക്കുന്ന ആത്മാർഥതയാണ് അബ്ദുല്ലയുടെ ഹൃദയത്തിലേക്ക് ഇറങ്ങിച്ചെന്നത്. അബൂറം സാതൈമി പറയുന്നത് കേൾക്കുക: "എന്റെ മകനോടൊപ്പമാണ് ഞാൻ നബിയെ കാണാൻ ചെന്നത്. ജനങ്ങൾ അദ്ദേഹത്തെ എനിക്ക് ചൂണ്ടിക്കാട്ടി. പ്രവാചകനെ ഒറ്റനോട്ടം കണ്ടേയുള്ളൂ. ഉടനെ എനിക്ക് മനസ്സിലായി, അദ്ദേഹം തീർച്ചയായും ദൈവത്തിന്റെ സന്ദേശവാഹകനാണെന്ന്."

* * * * *

മരുഭൂമിയുടെ ഉൾത്തടങ്ങളിലെവിടെയോനിന്ന് ഒരു സാർഥവാഹകസംഘം മദീനയിലെത്തി നഗരപ്രാന്തത്തിൽ തമ്പടിച്ചു. ആ വഴി പോവുകയായിരുന്നു നബി. വീട്ടിലെത്തിയ ശേഷം പണം കൊടുത്തയക്കാമെന്ന് പറഞ്ഞ് ഒരൊട്ടകത്തെ അദ്ദേഹം വാങ്ങി. അദ്ദേഹം

സ്ഥലം വിട്ടു കഴിഞ്ഞാണ് ഒട്ടകത്തിന്റെ ഉടമക്ക് പരിഭ്രാന്തിതോന്നിയത്; ഊരും പേരുമറിയാത്ത ഒരാൾക്കാണല്ലോ താൻ പണം വാങ്ങാതെ ഒട്ടകത്തെ വിട്ടുകൊടുത്തത്! അയാൾക്ക് തലപെരുത്തു. അപ്പോൾ അയാളുടെ മാതാവ് പറഞ്ഞു: "വിഷമിക്കേണ്ട, ആ മനുഷ്യന്റെ മുഖം ചന്ദ്രനെപ്പോലെ പ്രകാശിക്കുന്നു. അയാളുടെ രൂപം കണ്ടാലറിയാം ചതിയനല്ലെന്ന്." കുറച്ചുകഴിഞ്ഞ് പ്രവാചകന്റെ വീട്ടിൽനിന്ന് കച്ചവടക്കൂട്ടത്തെത്തേടി ആളുവന്നു. ഒട്ടകത്തിന്റെ വിലയേക്കാളും ഒട്ടേറെ വിലയുള്ള കാരക്കയുടെ കൂമ്പാരവുമായി.

* * * * *

സൂര്യനോടും ചന്ദ്രനോടുമാണ് അനുചരർ നബിയെ താരതമ്യപ്പെടുത്തിയത്, ജ്വലിക്കുന്ന പ്രകാശംപോലെ. ആകാരവടിവിലും നബി ശ്രദ്ധേയനായിരുന്നു. അതേപോലെ വസ്ത്രധാരണത്തിലും അദ്ദേഹം കുറ്റമറ്റ നിഷ്കർഷ പുലർത്തി. അലങ്കാരങ്ങളുടെ പൊങ്ങച്ചത്തെ അദ്ദേഹം വെറുത്തു. പക്ഷേ ലാളിത്യവും ഒതുക്കവും പുലർത്തുകവഴി ഉദാത്തമായ ഒരുതരം സൗന്ദര്യബോധം അദ്ദേഹം പ്രകടിപ്പിക്കുകയും ചെയ്തു.അരക്കുമുകളിൽ ചുറ്റിയ ഒറ്റമുണ്ട് കണങ്കാൽ വരെ ഞാന്നുകിടന്നിരുന്നു; മുൻവശം പിറകുവശത്തേക്കാൾ താഴ്ന്ന്. ഒരു കുപ്പായവും തലപ്പാവും അദ്ദേഹം അണിഞ്ഞിരുന്നു. ഒരിക്കൽ സഹചാരികളാരോ ഒരു കാലുറ വാങ്ങിയതുകണ്ടപ്പോൾ നബിയും ഒന്നു വാങ്ങി. നബിയുടെ മരണശേഷം അദ്ദേഹം വിട്ടേച്ചുപോയ വസ്തുക്കളിൽ ഈ കാലുറയുമുണ്ടായിരുന്നു.

* * * * *

ആദർശശുഭ്രതയാർന്ന മനുഷ്യനായിരുന്നു പ്രവാചകൻ. ആ ശുഭ്രത നബിയുടെ ഉടുപുടവകളിലും കാണാമായിരുന്നു. വെള്ള വസ്ത്രം അദ്ദേഹം ഇഷ്ടപ്പെട്ടു. മരിച്ചവരെ വെളുത്ത വസ്ത്രങ്ങളിൽ പുതപ്പിക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ അനുശാസനം. ചെരിപ്പ് ധരിക്കുന്ന പ്രകൃതവുമുണ്ടായിരുന്നു അദ്ദേഹത്തിന്. ചെറുവിരലിൽ അണിഞ്ഞ മുഹമ്മദുർറസൂലുല്ലാഹ് എന്ന് കൊത്തിവെച്ച മോതിരം അദ്ദേഹം തന്റെ മുദ്രയാക്കി ഉപയോഗിച്ചു. വേഷത്തിലും നടപ്പിലും അദ്ദേഹം അന്തസ്സും മാന്യതയും പുലർത്തി. കനത്ത ഉത്തരവാദിത്വങ്ങൾക്കിടയിലും കൊച്ചു വർത്തമാനങ്ങൾക്ക് സമയം കണ്ടെത്തി. പതിഞ്ഞ സ്വരത്തിൽ ഓരോ വാക്കും കേൾവിക്കാർക്ക് ഓർമയിൽ സൂക്ഷിച്ചുവെക്കാൻ പാകത്തിൽ വ്യക്തതയോടുകൂടിയാണ് പ്രവാചകൻ ഉച്ചരിച്ചിരുന്നത്. പക്ഷേ ആ ശബ്ദത്തിന്റെ ഗാംഭീര്യത്തിൽ ആളുകൾ സ്വയം മറന്നു. ദൈവസാന്നിധ്യത്തിന്റെ ശക്തി തുടിച്ചുനിൽക്കുന്ന വാക്കുകൾ, പ്രപഞ്ചസത്യത്തിന്റെ പൊരുൾ തേടുന്ന വാക്കുകൾ. അത് അനന്തതയിൽനിന്നെന്നോണം ഒഴുകിവരികയായിരുന്നു. നബി അവ പിടിച്ചെടുത്ത് അനുയായികൾക്ക് നൽകി. നിരക്ഷരനായ നബിയുടെ വാക്കുകളിലൂടെ ദിവ്യജ്ഞാനത്തിന്റെ മഹാപ്രവാഹമായിരുന്നു. പരിഭാഷക്കു വഴങ്ങാത്ത പദസൗകുമാര്യം തുടിക്കുന്ന നബിയുടെ മഹത്തായ രണ്ടു പ്രഭാഷണങ്ങളുണ്ട്: ഒന്ന്, മക്കാ വിജയത്തിന്റെ നാളിൽ. രണ്ടാമത്തേത് അവസാനത്തെ ഹജ്ജിന്റെ വേളയിൽ. രണ്ടാമത്തേത് നബിയുടെ വിടവാങ്ങൾ സന്ദേശം കൂടിയായിരുന്നു. ചരിത്രത്തിൽ ഒരു യുഗസന്ധി കുറിച്ച അനശ്വര പ്രഭാഷണമായിരുന്നു അത്.

* * * * *

സാധാരണ മനുഷ്യർക്ക് അപ്രാപ്യമായ ഗിരിനിരകളുടെ ഉന്നതിയിലേക്ക് കയറിപ്പോയ മുഹമ്മദ് പക്ഷേ സാധാരണക്കാരൻ തന്നെയായിരുന്നു. ഹിറാഗുഹയിൽ ധ്യാനനിരതനായിരിക്കുന്ന നബി യായിരുന്നില്ല നാട്ടുകാരുടെ ആശ്ലേഷത്തിലമർന്ന് ചിരിച്ച നബി. അലൗകികവും ഭൗതികവുമായ രണ്ടറ്റങ്ങളെയും അദ്ദേഹം സമർഥമായി സംയോജിപ്പിച്ചു. ആളുകൾക്കിടയിൽ ഒരിക്കലും അന്യതാബോധമനുഭവപ്പെട്ടിരുന്നില്ല അദ്ദേഹത്തിന്. ഏത് സാധാരണക്കാരന്റെ വചനത്തിനും അദ്ദേഹം ചിരിച്ചുകൊണ്ട് കാതോർത്തു. ആളുകൾക്ക് ആശംസകൾ കൈമാറി, സമ്മാനങ്ങൾ കൊടുത്തയക്കുകയും സ്വീകരിക്കുകയും ചെയ്തു. തന്നോട് മോശമായി പെരുമാറുന്നവരെപ്പോലും അദ്ദേഹം സംയമനത്തോടെ സ്വീകരിച്ചു. ഒരിക്കൽ ഒരാൾ വന്നു നബിയെ ശകാരിച്ചു. പക്ഷേ ചിരിച്ചുകൊണ്ടാണ് നബി പ്രതികരിച്ചത്. ഇതേക്കുറിച്ച് അതിശയം പ്രകടിപ്പിച്ച ആഇശക്ക് നബി പറഞ്ഞുകൊടുത്തത് മര്യാദയുടെ പാഠങ്ങളാണ്; സാധാരണ മനുഷ്യർ എളുപ്പം മറക്കുന്ന മര്യാദയുടെ പാഠങ്ങൾ.

* * * * *

രോഗികളെ സന്ദർശിക്കുക നബിചര്യയുടെ ഭാഗമായിരുന്നു. ഇസ്‌ലാം സ്വീകരിക്കാത്തവരെപ്പോലും അദ്ദേഹം രോഗവേളയിൽ സന്ദർശിച്ചു. ശത്രുക്കളുടെ നേതാവായ അബ്ദുല്ലാഹിബ്നു ഉബയ്യിനെയും രോഗവേളയിൽ അദ്ദേഹം സന്ദർശിച്ചിരുന്നു. മരണ സന്ദർഭങ്ങളിൽ ദുഃഖം പ്രകടിപ്പിച്ചിരുന്നുവെങ്കിലും ഉറക്കെ കരയാൻ അദ്ദേഹം അനുവദിച്ചില്ല. പ്രകടനപരതയിൽ അദ്ദേഹത്തിന് താൽപര്യമില്ലായിരുന്നു.

* * * * *

കുട്ടികളെ നബി അതിരറ്റ് സ്നേഹിച്ചിരുന്നു. പ്രപഞ്ചനാഥന്റെ പൂന്തോട്ടത്തിലെ പൂക്കൾ എന്നാണദ്ദേഹം അവരെ വിളിച്ചത്. അവരെ താലോലിക്കാൻ അദ്ദേഹത്തിന് സദാ സമയം കിട്ടി. കുട്ടികളോട് മാത്രമല്ല, മുതിർന്നവരോടും അദ്ദേഹം സ്നേഹോദാരഭാവങ്ങളോടെ പെരുമാറി. കളിയും ചിരിയും അദ്ദേഹത്തിന്റെ ജീവിതത്തിന്റെ ഭാഗമായിരുന്നു. തീവ്രമായ പരീക്ഷണങ്ങൾക്കും കടുത്ത യുദ്ധങ്ങൾക്കും ഉദ്വേഗം നിറഞ്ഞ ഭരണ മുഹൂർത്തങ്ങൾക്കുമിടയിൽ പ്രവാചകനിലെ മനുഷ്യൻ മനുഷ്യസാധാരണങ്ങളായ ലോലവികാരങ്ങളുടെ തുരുത്തുകളും കണ്ടെത്തിയിരുന്നു. അതദ്ദേഹത്തിന്റെ തപ്തമായ പ്രജ്ഞയെ സ്നാനപ്പെടുത്തി; അത്തരം സുരഭില മുഹൂർത്തങ്ങളുടെ ശീതളിമയിൽ നബി തണൽ തേടി; അനുയായികൾക്കും അദ്ദേഹം വാഗ്ദത്തം ചെയ്തത് ചിരിയും ചിന്തയും കർമവും വിശ്രമവും ഒത്തിണങ്ങിയ ജീവിതമാണ്; നബിയും നമ്മെപ്പോലെതന്നെ ഒരു മനുഷ്യനായിരുന്നുവല്ലോ. എല്ലാ അർഥത്തിലും ഉത്തമനായ മനുഷ്യൻ. ●